# കാലിക്കറ്റ് സർവകലാശാല.
## ആഭ്യന്തര ഓഡിറ്റ് (ധനകാര്യ വിഭാഗം).
### ഓഡിറ്റ് റിപ്പോർട്ട്

**പുരുഷന്മാരുടെ ഹോസ്റ്റലിൽ ആഭ്യന്തര ഓഡിറ്റ് വിഭാഗം 28.11.2019, 05.12.2019 തിയ്യതികളിൽ സന്ദർശിച്ച് ഓഫീസിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകളും രേഖകളും വൗച്ചറുകളും പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്**

ഓഡിറ്റർ: മനോജ്കുമാർ.ടി
സജീവൻ ടി വി

ഓഡിറ്റ് ഓഫീസർ: രജനീദേവി പി.കെ

വാർഡൻ: പ്രൊഫെസർ. ഇമ്മാനുവൽ സൈമൺ
അസിസ്റ്റന്റ് : ശ്രീ. അനി പാപ്പച്ചൻ

ABLC അനുബന്ധ ഇടപാടുകൾക്കായുള്ള സേവിങ്സ് അകൗണ്ട്, രണ്ടു SBI കറന്റ് അക്കൗണ്ടുകൾ, മെസ് ഇടപാടുകൾക്കായി യൂണിവേഴ്സിറ്റി സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിലുള്ള അക്കൗണ്ട്, എന്നിവയിലെല്ലാം കൂടി ആകെ **6,05,978.25/-** രൂപ 30.11.2019 തിയ്യതിക്ക് നീക്കിയിരിപ്പുള്ളതായി കാണുന്നു.

**തടസ്സവാദങ്ങളും, അഭിപ്രായങ്ങളും**

| നം | രജിസ്റ്ററുകൾ / രേഖകൾ | കണ്ടെത്തലുകൾ/ തടസ്സവാദങ്ങൾ | അഭിപ്രായം |
|---|---|---|---|
| 1 | **CASH BOOK**<br>**SBI Bank A/c -**<br>**1**) 57018316424 Savings account (ABLC)<br>**2**) 67026117026 Current account (Causion Deposit)<br>**3**) 57018247732 Current account (Aminities) | **1)** മൂന്ന് അക്കൗണ്ടുകളിലെയും ഇടപാടുകൾ 30.04.2018 ഇൽ കാഷ് ബുക്കിലെ രേഖപ്പെടുത്തലുകളുമായി ഐക്യപ്പെടുത്തിയതായി കണ്ടു.<br><br>**2) 30.04.2018 തിയ്യതിക്ക്**<br>കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 372194.85<br>ബാങ്ക് അക്കൗണ്ട് പ്രകാരം നീക്കിയിരിപ്പ് തുക 372194.85<br><br>**3)** സ്ഥാപന മേധാവി (ഹോസ്റ്റൽ വാർഡൻ ) - കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ഒപ്പ് വെക്കുന്നില്ല.<br><br>**4)** മൂന്നു വർഷത്തിലേറെയായി നിഷ്ക്രിയമായി അക്കൗണ്ടിൽ തുടരുന്ന തുക ഇനംതിരിച്ച് കണക്കാക്കിയിട്ടില്ല | * ക്യാഷ് ബുക്ക് കൃത്യമായ ഇടവേളകളിൽ സ്ഥാപനമേധാവി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി മേലൊപ്പ് ചാർത്തേണ്ടതാണ്.(പ്രസ്തുത വിഷയം പരിഗണനയ്ക്കും തീർപ്പിനുമായി IAW മോണിറ്ററിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്).<br><br>* സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായ ഇടവേളകളിൽ ബാങ്കുമായി ഐക്യപ്പെടുത്തി (reconciliation)വിശദീകരണക്കുറിപ്പ് കാഷ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപനമേധാവി മേലൊപ്പ് ചാർത്തേണ്ടതാണ്.<br><br>* ABLC അനുബന്ധ ഇടപാടുകൾ നിബന്ധമായും കറന്റ് അക്കൗണ്ട് വഴി ആയിരിക്കണം<br><br>* മൂന്നു വർഷത്തിലേറെയായി നിഷ്ക്രിയമായി അക്കൗണ്ടിൽ തുടരുന്ന തുക ഇനം തിരിച്ച് കണക്കാക്കി സർവകലാശാലയുടെ അക്കൗണ്ടിലേക്ക് അടച്ചതിന്റെ രേഖ സൂക്ഷിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 2 | ABLC | **1)** ABLC അനുബന്ധ ഇടപാടുകൾ നടത്തുന്ന 57018316424 നമ്പർ സേവിങ്സ് അക്കൗണ്ടിൽ 05.12.2019 തിയ്യതിക്ക് 1,76,999.35 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. | * പ്രസ്തുത തുകയിൽ ABLC ഇനത്തിൽ വിതരണം ചെയ്യേണ്ടതും ബാങ്ക് പലിശയിനത്തിൽ ലഭിച്ചിട്ടുള്ളതും പ്രത്യേകം കണക്കാക്കി കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. |
| 3 | CD Register | പരിശോധിച്ചു .അപാകതകളില്ല. | * കോഷൻ ഡെപ്പോസിറ്റ് തുക തിരിച്ചു വാങ്ങിയിട്ടില്ലാത്തവരുടെ എണ്ണം കൃത്യമായും എളുപ്പത്തിലും മനസ്സിലാക്കാൻ സഹായിക്കുന്ന വിധം കോഷൻ ഡെപ്പോസിറ്റ് തുക സ്വീകരിക്കുന്നതും തിരിച്ചു നൽകുന്നതും ഒരു രജിസ്റ്റർ വഴിയാകുണമെന്നു നിർദ്ദേശിക്കുന്നു |
| 4 | Incumbent Register | സൂക്ഷിക്കുന്നില്ല | * സ്ഥാപനത്തിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ നിർബന്ധമായും ഓഫിസിൽ സൂക്ഷിക്കേണ്ടതാണ്. ആയത് യഥാസമയം പുതുക്കേണ്ടതുമാണ്. |
| 5 | TR 5 | **1)** ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും രസീതികളും പരിശോധിച്ചു. അപാകതകളില്ല. | അപാകതകളില്ല. |
| 6 | Room allotment Register | **1)** ഹോസ്റ്റലിലെ മുറികൾ താമസക്കാർക്കായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചു. അപാകതകളില്ല. | അപാകതകളില്ല. |

തടസ്സവാദങ്ങൾ 1,2 & 4 ക്കുള്ള മറുപടി രണ്ടാഴ്ചക്കുള്ളിൽ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ് .തുടർനടപടികൾക്കായി ഇത് ആവശ്യമായതിനാൽ ഗൗരവപൂർവം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

Finance officer